പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭ ചോദ്യം നം: T5889

7/7/2014 ൽ

മറുപടിക്ക്

## മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മൃതി മണ്ഡപം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) 2012-2013 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മൃതി മണ്ഡപം സംബന്ധിച്ച നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച്വിശദീകരണം നൽകാമോ; ഇതിനെ സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ; | (എ) മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മൃതി മണ്ഡപ നിർമ്മാണത്തിന് 2013-14 സാമ്പത്തിക വർഷമാണ് 10 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നത്. സ്മൃതി മണ്ഡപ നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ടുള്ള അപേക്ഷ പരിശോധിച്ച് പ്രോജക്ട് റിപ്പോർട്ട്, സ്ഥലലഭ്യത, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ലഭ്യമാക്കിയില്ല. അയതിനാൽ ഇതുമായി ബന്ധപ്പെട്ട 7674/എ2/2011/സാം.ക.വ നമ്പർ ഫയലിൽ തുടർനടപടികൾ സ്വീകരിക്കാനായിട്ടില്ല. |
| (ബി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ. ആർ നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് സർക്കാർ ഫയൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ? | (ബി) കെ. ആർ നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുന്നതിന് 2012-13 സാമ്പത്തിക വർഷമാണ് 5 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നത്. കെ. ആർ നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പൊതുസ്ഥലം/ പൊതുനിരത്ത് എന്ന നിർവചനത്തിൽ വരുമോ എന്ന് പരിശോധിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളുടെ പ്രതിമാ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇക്കാര്യം പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ 8341/പൊളി3/2013/പൊഭവ. നമ്പർ ഫയലിൽ കൈകാര്യം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ